resul pookutty foundation

Lakshmi Hospital
The trusted family hospital

jeevarogya
a medical welfare campaign

## റസൂൽ പൂക്കുട്ടി ഫൗഷേനും ലക്ഷ്മി ഹോസ്പിററൽസും ചേർന്നുള്ള ' ജീവ് ആരോഗ്യ ' ചികിത്സാ പദ്ധതിക്ക് തുടക്കം

### പൈലററ് പദ്ധതിക്ക് ഇന്ത്യൻ സിനിമയുടെ ഇതിഹാസം അമിതാഭ് ബച്ചൻ ദീപം തെളിച്ചു

കൊച്ചി : ഓസ്ക്കർ പുരസ്ക്കാര ജേതാവ് റസൂൽ പൂക്കുട്ടിയുടെ നേതൃത്വത്തിൽ രൂപം നൽകിയ നോൺ പ്രോഫിററ് പ്രസ്ഥാനമായ ' റസൂൽ പൂക്കുട്ടി ഫൗഷേൻ ' കേരളത്തിലെ സാധാരണക്കാർക്കായി ആദ്യത്തെ സാമൂഹിക സേവനപരിപാടിക്ക് തുടക്കമിട്ടു. ആരോഗ്യ ചികിത്സാ രംഗത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന നിർധനർക്കായി ' ജീവ് ആരോഗ്യ ' ചികിത്സാ പദ്ധതിയാണ് കൊച്ചിയിലെ ലക്ഷ്മി ഹോസ്പിററൽസുമായി സഹകരിച്ച് ഫൗഷേൻ യാഥാർത്ഥ്യമാക്കുന്നത്.

ഇന്ത്യൻ സിനിമയിലെ ഇതിഹാസ താരവും ബോളിവുഡ്ഡിന്റെ ഒരേയൊരു ബിഗ് - ബി യുമായ അമിതാഭ് ബച്ചനാണ് ജീവ് ആരോഗ്യ പദ്ധതി ഫ്ളാഗ് ഓഫ് ചെയ്തത്. കൊച്ചിയിലെ ലെ മെറിഡിയനിൽ ക്ഷണിക്കപ്പെട്ട സദസ്സിനു മുന്നിൽ ലക്ഷ്മി ഹോസ്പിററൽ സ്ഥാപകനും മെഡിക്കൽ ഡയറക്ടറുമായ ഡോ.കെ.കെ.ആർ വാര്യരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ അമിതാഭ് 'ജീവ് ആരോഗ്യ'യ്ക്കു ദീപം തെളിച്ചു.

ലക്ഷ്മി ഹോസ്പിററൽസിന്റെ മുപ്പതാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന സാമൂഹിക ചികിത്സാ പദ്ധതിയിൽ ലക്ഷ്മി ഹോസ്പിററൽസ് ഗ്രൂപ്പിനു കീഴിൽ വരുന്ന 14 ആശുപത്രികളും 3 ക്ലിനിക്കുകളും പങ്കാളികളാവും.

3000 പേർക്ക് സൗജന്യ നിരക്കിൽ ചികിത്സ, 30 പേർക്ക് ഹൃദയ ശസ്ത്രക്രിയ ഉൾപ്പടെ 300 പേർക്ക് സൗജന്യ ശസ്ത്രക്രിയകൾ എന്നിവയാണ് സാമ്പത്തികമായി സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്ക് ജീവ് ആരോഗ്യ ഉറപ്പു നൽകുന്നത്.

' ഓസ്ക്കർ പുരസ്ക്കാരം ലഭിച്ചതിനു ശേഷമുള്ള കഴിഞ്ഞ ഒരു വർഷം ശരിക്കും ഒരു സ്വപ്നസഞ്ചാരമായിരുന്നു എന്റേത്.., സമൂഹത്തിന് നന്മകൾ ചെയ്യാൻ എന്റെ മുന്നിൽ തുറന്നു കിട്ടിയത് നിരവധി വാതിലുകളാണ്. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നുള്ള പാഠമാണ് ജീവ് ആരോഗ്യ പദ്ധതിയിലേക്ക് എന്നെ നയിച്ചത്. ലോകമെമ്പാടു നിന്നും എന്നെത്തേടി വന്ന അംഗീകാരങ്ങൾക്കും സ്നേഹനിർഭരമായ ആശംസകൾക്കും എന്റേതായ രീതിയിൽ ഞാൻ നൽകുന്ന മറുപടിയാണ് ജീവ് ആരോഗ്യ. സാധാരണക്കാരുടെ നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ എന്റെ ഭാഗത്തു നിന്നുള്ള എളിയൊരു ശ്രമം.. റസൂൽ പൂക്കുട്ടി പറഞ്ഞു.

റസൂൽ പൂക്കുട്ടി ഫൗഷേനുമായി ചേർന്ന് കേരളത്തിന്റെ ആരോഗ്യ ചികിത്സാ ചരിത്രത്തിൽ നാഴികക്കല്ലായി മാറുന്ന ഒരു സംരംഭവുമായി സഹകരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ഡോ.കെ.കെ.ആർ വാര്യർ പറഞ്ഞു. 1979 ൽ 6 ബെഡ് ഹോസ്പിററലുമായി തുടക്കമിട്ട ലക്ഷ്മിയുടെ ചികിത്സാ ശൃംഖല ഇന്ന് 1500 പ്ലസ് ബെഡ് സൗകര്യമുള്ള സാമ്രാജ്യമായി വളർന്നത് ചില വിശ്വാസപ്രമാണങ്ങൾ മുറുകെപ്പിടിച്ചാണ്. ജീവ് ആരോഗ്യയിലൂടെ ഈ മൂല്യങ്ങൾ കാത്തുരക്ഷിക്കപ്പെടുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓരോ വ്യക്തിക്കും സമൂഹത്തിനായി പ്രവർത്തിക്കാൻ ബാധ്യതയുണ്ടെന്ന സന്ദേശമാണ് ജീവ് ആരോഗ്യയിലൂടെ റസൂൽ പൂക്കുട്ടി ഫൗഷേൻ നൽകുന്നതെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കവേ അമിതാഭ് ബച്ചൻ ചൂണ്ടിക്കാട്ടി. കേരളത്തിലെ സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമെത്തിക്കാനുള്ള സംരംഭത്തിന് അദ്ദേഹം സർവ ആശംസകളും പിന്തുണയും അറിയിച്ചു.